


# ആശ്രാമം ശ്രീകൃഷ്ണസ്വാമി മഹാക്ഷേത്രം

## അഡൈ്വസറി കമ്മിറ്റി (അഡ്ഹോക്) 2024

ആശ്രാമം, കൊല്ലം -2

## <u>പ്രവർത്തന റിപ്പോർട്ട്</u>

ആദരണീയരായ ഭക്തജനങ്ങളെ,

ആശ്രാമം ശ്രീകൃഷ്ണ സ്വാമി മഹാക്ഷേത്രത്തിലെ 2024 വിഷു-പൂരം മഹോത്സവം നടത്തുന്നതിന് ചുമതലപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട അഡൈ്വസറി കമ്മിറ്റി (അഡ്ഹോക്) യുടെ മൂന്നുമാസ കാലത്തെ പ്രവർത്തന റിപ്പോർട്ടും വരവ് -ചെലവ് കണക്കുകളും ബഹുമാന്യ ഭക്തജനങ്ങളുടെ അറിവിലേക്കും അംഗീകാരത്തിലേക്കുമായി ഭക്ത്യാദരപൂർവ്വം സമർപ്പിച്ചു കൊള്ളുന്നു

15.03.2024 ൽ ക്ഷേത്രത്തിൽ വച്ച് ഉപദേശക സമിതിയെ തെരഞ്ഞെടുക്കുന്നതിലേക്കായി കൂടിയ പൊതുയോഗത്തിൽ ഉത്സവം സമാരംഭിക്കുന്നതിന് കേവലം 22 ദിവസം മാത്രം ബാക്കി നിൽക്കേ പുതുതായി ഒരു ഉപദേശകസമിതിയെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്താൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന 13 അംഗ ഉപദേശക സമിതിക്ക് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ഒത്തൊരുമിച്ച് ഉത്സവം നടത്തുന്നതിനുണ്ടായേക്കാവുന്ന പരിമിതികളും ബുദ്ധിമുട്ടുകളും വിലയിരുത്തിയ പൊതുയോഗം, ഉത്സവ നടത്തിപ്പിലേക്ക് മാത്രമായി താൽക്കാലികമായ ഒരു ഉപദേശകസമിതിയെ മൂന്നുമാസകാലത്തേക്ക് തെരഞ്ഞെടുക്കുവാനും ഉത്സവം കഴിഞ്ഞ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തുടർന്നുള്ള വർഷത്തെ പ്രവർത്തനങ്ങൾക്കായി 13 അംഗങ്ങൾ ഉൾപ്പെട്ട ഒരു ഉപദേശക സമിതിയെ തെരഞ്ഞെടുത്ത് ക്ഷേത്രത്തിലെ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങളും ചുമതലകളും ഏൽപ്പിക്കുന്നതാകും ഉചിതമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വ.മംഗലത്ത് കെ. ഹരികുമാർ കൺവീനറായും ശ്രീ എസ്.സി.എസ് നായർ, ശ്രീ എ.എൻ. സുരേഷ് ബാബു, ശ്രീ. ജി.സുരേഷ് ബാബു, ശ്രീ വി.പി വിമൽറോയ് എന്നിവർ അംഗങ്ങളായും ഒരു അഞ്ചംഗ അഡ്ഹോക്ക് കമ്മിറ്റിയെ പൊതുയോഗം ഐകകണ്ഠേന തെരെഞ്ഞെടുക്കുകയും, തുടർന്ന് 17.03.2024 ൽ ആശ്രാമം ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് 2024ലെ ഉത്സവ പരിപാടികളെ കുറിച്ച് ആലോചിക്കുന്നതിനായി ആശ്രാമം ശ്രീകൃഷ്ണസ്വാമി മഹാക്ഷേത്രവുമായി ബന്ധപ്പെട്ട എല്ലാ ഭക്തജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു ജനറൽ കമ്മിറ്റി

കൂടുകയും ഉത്സവവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരു പൂരം കമ്മിറ്റിയ്ക്ക് രൂപം നൽകുകയും ചെയ്തു.

**<u>ഉത്സവ-പൂരം കമ്മിറ്റി</u>**

തുടർന്ന് പൂരം ചെയർമാനായി പത്മശ്രീ ഡോ.ബി.രവിപിള്ളയേയും പൂരം വൈസ് ചെയർമാൻമാരായി സർവശ്രീ ആർ.പ്രകാശൻപിള്ള, ജെ.രാജഗോപാൽ, ആർ. വിശ്വനാഥൻ, എ.ഷാജി വീനസ്, ആർ.രാജീവ്, എസ്.അമർനാഥ് എന്നിവരെയും പൂരം ജനറൽ കൺവീനർമാരായി സർവ്വശ്രീ ജി.കൃഷ്ണദാസ്, ഡി ബിജോണിദാസ്, എച്ച്. സുരേഷ്, പ്രമൽ കെ.ആർ എന്നിവരെയും, ഫിനാൻസ് ചെയർമാനായി ശ്രീ. എസ് അനിൽകുമാറിനെയും, ഫിനാൻസ് കൺവീനർ ആയി ശ്രീ.റ്റി.എസ്. ദേവദത്തിനെയും, കൂടാതെ വിവിധ ചുമതല വഹിക്കുന്നതിനായി 32 പേർ കൂടി അടങ്ങുന്ന ഒരു പൂരം നിർവ്വാഹക സമിതിയും, വാർഡ് പിരിവിന്റെ ചുമതലക്കാരായി 14 പേരെയും, ചെറുപൂരത്തിന്റെ ചുമതലക്കാരായി 15 പേരെയും, മറ്റു വിവിധ ചുമതലകൾ വുർവ്വഹിക്കുന്നതിലേക്ക് 46 പേരെയും ഉൾപ്പെടുത്തി ഒരു 125 അംഗ ഉത്സവ-പൂരം കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

2024-ലെ വിഷു-പൂരം മഹോത്സവം പൂർവ്വാധികം ഭംഗിയായി നടത്തുന്നതിലേക്ക് ബഹു: ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ ബാലഗോപാൽ, ബഹു: മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി.ചിഞ്ചുറാണി, ബഹു:ഗതാഗത വകുപ്പ് മന്ത്രി ശ്രീ. കെ.ബി ഗണേഷ് കുമാർ എന്നിവരെ മുഖ്യ രക്ഷാധികാരികളായും, ബഹു: കൊല്ലം എം.പി ശ്രീ. എൻ.കെ പ്രേമചന്ദ്രൻ, ബഹു: കൊല്ലം എം.എൽ.എ ശ്രീ എം. മുകേഷ്, ബഹു: ഇരവിപുരം എം.എൽ.എ ശ്രീ. എം. നൗഷാദ്, ബഹു. കൊല്ലം മേയർ ശ്രീമതി. പ്രസന്നാ എണസ്റ്റ്, ബഹു:കൊല്ലം ജില്ലാ കളക്ടർ ശ്രീ. എൻ. ദേവീദാസൻ ഐ.എ.എസ്, ബഹു:ഡിവിഷൻ കൗൺസിലർമാരായ ശ്രീമതി. ഹണിബെഞ്ചമിൻ, ശ്രീമതി. സജിതാനന്ദ് എന്നിവരെ രക്ഷാധികാരികളായും, ഉപദേശക സമിതി മുൻ പ്രസിഡന്റുമാരായിരുന്ന പ്രൊഫ. ജി.കെ ശശിധരൻ, ശ്രീ. ജി. സത്യരാജ്. ശ്രീ.എ.ആർ. വിജയഭാനു, ശ്രീ.ജി. മുകുന്ദൻനായർ, ശ്രീ. പി.ശ്രീവർദ്ധനൻ എന്നിവരെ ഉത്സവം-പൂരം കമ്മിറ്റിയുടെ ഉപദേശകരായും നിശ്ചയിച്ച് തീരുമാനിച്ച് വിഷു-പൂരം ഉത്സവത്തിന്റെ പ്രവർത്തനങ്ങൾക്ക് സമാരംഭം കുറിച്ചു.

**<u>മുന്നൊരുക്കങ്ങൾ</u>**

ശരിയായ പരിപാലന കുറവുകൾ കൊണ്ട് കാട്ടുചെടികൾ വളർന്ന് പന്തലിച്ചും, പായൽമൂടിയും വൃത്തഹീനമായും, ഉപയോഗയോഗ്യമല്ലാതെയും കിടന്ന ആറാട്ടുകുളവും പരിസരവും,ക്ഷേത്രക്കുളവും പരിസരവും വൃത്തിയാക്കുന്നതിന്റെ ഭാഗമായി ഇരുകുളങ്ങളും വറ്റിക്കുകയും,ചെളിയും പായലും വാരിനീക്കിയും കാടുകൾ വെട്ടി മാറ്റിയും ഇരുകുളങ്ങളും വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുവാൻ കഴിഞ്ഞു.

ദേവസ്വം ബോർഡിന്റെ അവഗണനമൂലം കാലങ്ങളായി ആനുവൽ മെയിന്റെനൻസ് പോലും മുടങ്ങിക്കിടക്കുന്ന ക്ഷേത്രത്തിന്റെ ചുമരുകളും, പടിക്കെട്ടുകളും പെയിന്റടിച്ച് വൃത്തിയാക്കിയും, പള്ളിവേട്ട ആൽത്തറ, ക്ഷേത്രക്കുളചുമർ, പൂരം സ്റ്റേജ് തുടങ്ങിയവ പെയിന്റ് അടിച്ച് മോടി പിടിപ്പിച്ചും ക്ഷേത്രപരിസരങ്ങളിലുള്ള കാടു വെട്ടി തെളിച്ചും അവശ്യമായ ഇടങ്ങളിൽ ആനകൾക്ക് ക്ഷേത്രമുറ്റത്തേക്ക് ഇറങ്ങി വരുവാൻ പാകത്തിൽ തറ കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തിയും ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾക്ക് പ്രാഥമിക

കർമ്മങ്ങൾ നിർവ്വഹിക്കുവാൻ ഉതകുന്ന തരത്തിൽ ശുചിമുറി സംവിധാനങ്ങൾ ഒരുക്കിയും ഉത്സവത്തിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുള്ളതുമാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രീ. ഡി. ബിജോണിദാസിനോടുള്ള കമ്മിറ്റിയുടെ നന്ദി ഈ അവസരത്തിലറിയിക്കുന്നു.

ഉത്സവവുമായി ബന്ധപ്പെട്ടും, പൂരവമായി ബന്ധപ്പെട്ടും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ ഉൾപ്പെടെ വിവിധ വകുപ്പ് മേധാവികൾക്ക് കത്തുകൾ നൽകുകയും, ക്ഷേത്രത്തിലെ ആനുവൽ മെയിന്റെനൻസ് മുടക്കം കൂടാതെ നടത്തണമെന്നും തിടപ്പള്ളിയുടെ പുനർനിർമ്മാണം ഉൾപ്പെടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം നടത്തണമെന്നും, ക്ഷേത്രൈശ്വര്യസംബന്ധിയായ വിവിധ പദ്ധതികൾ പ്ലാൻ ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കണമെന്നും കാണിച്ച് ദേവസ്വം ബോർഡ് പ്രസിഡന്റിനും, അംഗങ്ങൾക്കും, ദേവസ്വം കമ്മീഷണർക്കും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഉത്സവവുമായി ബന്ധപ്പെട്ട് വേണ്ട സഹായങ്ങൾ ലഭിക്കുന്നതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെയും, ബഹു:ടൂറിസം വകുപ്പ് മന്ത്രിയുടെയും ഓഫീസുകളുമായി ബന്ധപ്പെടുകയും, മന്ത്രിമാരെ നേരിൽ കണ്ട് സഹായങ്ങൾ ആവശ്യപ്പെടുകയും, അതിലേക്ക് വേണ്ടുന്ന ഉറപ്പുകൾ ലഭ്യമായിട്ടുള്ളതുമാണ്. ദേവസ്വം ബോർഡുമായും, വിവിധ മന്ത്രിമാരുമായും മറ്റും കൂടിക്കാഴ്ച നടത്തുന്നതിന് വേണ്ട സഹായങ്ങൾ ഉറപ്പാക്കുകയും അതിലൂടെ ഈ കമ്മിറ്റിയെ അങ്ങേയറ്റം സഹായിക്കുകയും, മുൻ വർഷത്തെ ടൂറിസം ഗ്രാന്റ് രണ്ടു ലക്ഷം രൂപ എന്നുള്ളത് നാലു ലക്ഷം രൂപയാക്കി വാങ്ങി തരുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിക്കുകയും ചെയ്ത ബഹു: എം.എൽ.എ ശ്രീ. എം. നൗഷാദിനോട് കമ്മിറ്റിക്കുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തി കൊള്ളുന്നു. വിവിധസർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും, അവശ്യമായ അപേക്ഷകൾ നൽകിയും വിവിധ ഓഫീസുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് സമയോചിതമായി കമ്മിറ്റിയുമായി ബന്ധപ്പെട്ട് അവശ്യമായ പ്രവർത്തനങ്ങൾ നടത്തിയും തികഞ്ഞ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ച ശ്രീ. അമർനാഥിനോടുള്ള നന്ദി ഈ അവസരത്തിൽ അറിയിച്ചു കൊള്ളുന്നു.

**ഉത്സവ പ്രോഗ്രാമുകൾ**

തെക്കൻ കേരളത്തിൽ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ പങ്കെടുക്കുന്ന വിഷു മഹോത്സവം 2024 ഏപ്രിൽ 6-ാം തീയതി മുതൽ ഏപ്രിൽ 15-ാം (1199 മീനം 24 മുതൽ മേടം -2വരെ) തീയതി വരെയുള്ള 10 ദിവസങ്ങളായി ആചാരാനുഷ്ഠാനങ്ങളോട് കൂടിയും ക്ഷേത്രകലകൾ ഉൾപ്പെടെയുള്ള വിവിധ കലാപരിപാടികളോടുകൂടിയും വളരെ ഗംഭീരമായി നടത്തുവാൻ നമുക്ക് കഴിഞ്ഞു. നമ്മുടെ ക്ഷേത്രത്തിന്റെ യശ്ശസ്സ് ഉയർത്തത്തക്ക തരത്തിൽ വളരെ ആകർഷകമായതും ഉന്നതനിലവാരം പുലർത്തുന്നതുമായ വിവിധ കലാപരിപാടികൾ മുൻപിനാലെന്ന പോലെ ഈ ആണ്ടിലും ചുരുങ്ങിയ സമയത്തിനുള്ളിൽ നടത്തുവാൻ കഴിഞ്ഞത് ഒരു നേട്ടമായി കരുതുന്നു. ക്ഷേത്രസന്നിധിയിലും, പരിസരത്തും, ആശ്രാമം മൈതാനിയിലും, തിരുവാഭരണഘോഷയാത്ര കടന്നുവന്ന ആനന്ദവല്ലീശ്വരം മുതൽ ക്ഷേത്രാങ്കണം വരെയും നടന്ന വിവിധ ഉത്സവ പരിപാടികൾ സമാധാനപരമായ അന്തരീക്ഷത്തിൽ നടത്തുവാൻ കഴിഞ്ഞത് ആശ്രാമം ശ്രീകൃഷ്ണഭഗവാന്റെ അനുഗ്രഹാശ്ശിസ്സുകൾക്കും കാരുണ്യത്തിനും പുറമേ, ഭഗവൽ ഭക്തന്മാരായ പൊതുജനങ്ങൾ നൽകിയ

നിർലോഭമായ സഹായസഹകരണങ്ങൾ കൊണ്ടും കൂടിയാണ്. കഥകളിക്ക് ഏറെ പ്രസിദ്ധമായ നമ്മുടെ ക്ഷേത്രത്തിൽ എല്ലാ കളിയരങ്ങിലും മേജർ സെറ്റ് നടന്മാരെയും കലാകാരന്മാരെയും ഉൾപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞു. രണ്ട് മേജർസെറ്റ് കഥകളികൾ ഉൾപ്പെടെ എട്ടു ദിവസം തുടർച്ചയായി കഥകളിയും ഏഴ് ദിവസങ്ങളിൽ ഓട്ടൻതുള്ളലും 1 മുതൽ 9 വരെ ദിവസങ്ങളിൽ സോപാനസംഗീതവും ഏഴ് ദിവസങ്ങളിൽ കൊല്ലത്തെ പ്രസിദ്ധ നൃത്തവിദ്യാലയങ്ങളിലെ പ്രാഗത്ഭ്യം തെളിയിച്ച നർത്തകരുടെയും നൃത്ത വിദ്യാർത്ഥികളുടെയും നൃത്തങ്ങളും രണ്ട് പ്രസിദ്ധ ട്രൂപ്പുകൾ അവതരിപ്പിച്ച ബാലേകളും, പാഠകം, കഥാപ്രസംഗം, ഭക്തിഗാനമേളകൾ, സംഗീത കച്ചേരികൾ, ഗാനമേളകൾ തുടങ്ങിയവ നിറഞ്ഞ സദസ്സിനു മുൻപിൽ അരങ്ങേറുകയുണ്ടായി. ശ്രീ വി.പി വിമൽറോയ് കൃത്യമായി ക്രമീകരിച്ചതിൻ പ്രകാരം സ്റ്റേജ് പ്രോഗ്രാമുകൾ യാതൊരു തടസ്സവും കൂടാതെ സമയക്ലിപ്തത പാലിച്ച് നടത്തുവാൻ കമ്മിറ്റിയെ അകമഴിഞ്ഞ് സഹായിച്ച ഉപദേശക സമിതി മുൻ പ്രസിഡന്റും, ഈ കമ്മിറ്റിയുടെ ഉപദേശകരിൽ ഒരാളുമായ ശ്രീ. ജി.സത്യരാജി നോടും അതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തിയ സ്റ്റേജ് അസിസ്റ്റന്റും സഹായിയുമായി പ്രവർത്തിച്ച ശ്രീ സുഭാഷ്.ജെ, ശ്രീ അർജ്ജുനൻ എന്നിവരോടും കമ്മിറ്റിയ്ക്കുള്ള നന്ദി അറിയിക്കുന്നു.

ക്ഷേത്രകലകൾക്കും, കലാപരിപാടികൾക്കും മുൻതൂക്കം നൽകിയതോടൊപ്പം ആചാര അനുഷ്ഠാനങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് നിത്യപൂജകൾക്ക് പുറമെ പ്രാസാദ ശുദ്ധി, ബിംബശുദ്ധി ക്രിയകൾ, മുളപൂജ, 10 ദിവസങ്ങളിലും ഗണപതി ഹോമം, രണ്ടു ദിവസങ്ങളിൽ കളഭാഭിഷേകം, മൂന്ന് ദിവസങ്ങളിൽ പുഷ്പാഭിഷേകം, 4 ഉത്സവബലികൾ, ശാസ്താവിന് നവകം പൂജ, സർപ്പ ദൈവങ്ങൾക്ക് നൂറും പാലും, നവഗ്രഹ പൂജ തുടങ്ങിയ വിവിധ പൂജാദി കർമ്മങ്ങൾ ക്ഷേത്ര ഐശ്വര്യത്തിനും ഭഗവൽ പ്രീതിയ്ക്കുമായി ചെയ്യുവാൻ നമുക്ക് കഴിഞ്ഞു. ഭഗവാന്റെ പള്ളിവേട്ടയും, തിരുവാറാട്ടും ഭക്തജന പങ്കാളി ത്തത്തോടെ വളരെ ഭക്തി നിർഭരമായി നടത്തുവാനും കഴിഞ്ഞു. ഉത്സവത്തിന് വിവിധ പ്രോഗ്രാമുകൾ സ്പോൺസർ ചെയ്തവർക്കും വിശേഷാൽപൂജകൾ നടത്തിയവരോടും കമ്മിറ്റിക്കുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നതോടൊപ്പം അവരിൽ ഭഗവാന്റെ അനുഗ്രഹം എപ്പോഴും ഉണ്ടാകേണമേ എന്നു പ്രാർത്ഥിക്കുന്നു. ക്ഷേത്രത്തിനുള്ളിലെ പൂജാദി കർമ്മങ്ങൾക്കും എഴുന്നള്ളത്തുകൾക്കുമൊക്കെ ശ്രീഭൂത ബലിയുടെ ചുമതലക്കാരൻ എന്ന നിലയിൽ നേതൃത്വം കൊടുത്ത ശ്രീ.പ്രമോദ്.പി യോടുള്ള നന്ദി ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

**<u>ഉത്സവ സദ്യ</u>**

കൊടിയേറ്റ് ദിവസം കൊടിയേറ്റ് സദ്യയും, വിഷു ദിനത്തിൽ വിഷുസദ്യയും, പൂരം നാളിൽ പൂരസദ്യയും ഉൾപ്പെടെ പത്ത് ഉത്സവനാളുകളിലും വിഭവസമൃദ്ധമായ സദ്യ ഒരുക്കുവാനും ഭക്തജനങ്ങളെ ഊട്ടുവാനും നമുക്ക് കഴിഞ്ഞു. വളരെ ചിട്ടയായി സദ്യയുടെ നടത്തിപ്പ് നിർവഹിച്ച അതിന്റെ ചുമതലക്കാരായ ശ്രീ.സുനിൽകുമാർ.പി, ശ്രീ. എസ്. ബാലു, ശ്രീ. അനിൽകുമാർ.ബി എന്നിവർക്കും അവരെ സഹായിച്ച വനിതാ കമ്മിറ്റിക്കും പൂര സദ്യയുടെ ചുമതല വഹിച്ച ശ്രീ. ബി.സതീശനും അതിനൊക്കെ നേതൃത്വം നൽകിയ ശ്രീ.ഡി.ബിജോണിദാസിനും പൂരം കമ്മിറ്റിക്കുള്ള അകമഴിഞ്ഞ നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു

**തിരുവാഭരണ ഘോഷയാത്ര**

ഉത്സവത്തിന്റെ എട്ടാം ദിനത്തിൽ മുൻകാലങ്ങളിൽ എന്നപോലെ ഈ ആണ്ടിലും വളരെ ഭക്തിനിർഭരമായി വാദ്യമേളങ്ങളോടു, ബാലികമാരുടെ താലപ്പൊലികളോടും, ഗജവീരന്മാരുടെ അകമ്പടിയോടും, മറ്റ് നിരവധി കലാ രൂപങ്ങളോടും, വർണ്ണ മനോഹരങ്ങളായ ദൃശ്യാവിഷ്കാരങ്ങളോടും കൂടി നടത്തപ്പെട്ട തിരുവാഭരണ ഘോഷയാത്ര കൊല്ലം നഗരത്തെ ഭക്തിസാന്ദ്രമാക്കുകയും കൊല്ലം പൂരത്തിന്റെ ഒരു വിളംബര ഘോഷയാത്രയായി കൊല്ലം പൗരാവലി അതിനെ സ്വീകരിക്കുകയും ചെയ്തു. തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട വിഭവസമാഹാരണത്തെ സംബന്ധിച്ച് ചില വിമർശനങ്ങൾ ചിലരിൽ നിന്നും ഉണ്ടാകുവാൻ ഇടയായി എങ്കിൽ പോലും മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി തിരുവാഭരണ ഘോഷയാത്രയുടെ ചെലവിൽ നിന്നും നല്ല ഒരു തുക പണമായി മിച്ചം പിടിക്കുവാനും, കൂടാതെ തിരുവാഭരണ ഘോഷയാത്രയിൽ നിന്നുള്ള ഉൽപ്പന്നം വിറ്റുവരവിലൂടെയും ഒരു നല്ല തുക കണ്ടെത്തുവാനും, ടി തുകകൾ കമ്മിറ്റിയ്ക്ക് കൈമാറുവാനും തിരുവാഭരണ ഘോഷയാത്രയുടെ ചുമതലക്കാർക്ക് കഴിഞ്ഞു എന്നുള്ളത് അങ്ങേയറ്റം അഭിനന്ദനാർഹമാണ്. വരും വർഷങ്ങളിൽ ഇക്കൊല്ലം ഉണ്ടായ ചെറിയ വിമർശനങ്ങൾ പോലും ഒഴിവാക്കി, തിരുവാഭരണ ഘോഷയാത്ര കൂടുതൽ ഭംഗിയാക്കുവാൻ വേണ്ട ആലോചനകൾ നടത്തുവാൻ വരും കമ്മിറ്റിക്ക് കഴിയട്ടെ എന്ന് ആശംസിച്ചു കൊള്ളുന്നു. തിരുവാഭരണ ഘോഷയാത്രയ്ക്ക് നേതൃത്വം നൽകിയ ശ്രീ.പ്രമൽ. കെ.ആർ.നും അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തിച്ച ശ്രീ.എം.അനിൽകുമാർ, ശ്രീ. സുരേഷ്. ബി, ശ്രീ. ഗോപകുമാർ .ആർ, ശ്രീ. വിഷ്ണു.എസ് എന്നിവരോടുമുള്ള ഹൃദ്യമായ നന്ദി അറിയിക്കുന്നു. തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട് വിവിധ പോയിന്റുകളിൽ സ്വീകരണം ഏർപ്പെടുത്തുകയും ഘോഷയാത്രയിൽ പങ്കെടുത്ത ബാലികമാർക്ക് ഭക്ഷണപാനീയങ്ങൾ വിതരണം ചെയ്യുകയും ചെയ്ത ബഹുമാന്യ വ്യക്തികൾക്കും സംഘനകൾക്കും വിശിഷ്യാ കടപ്പാക്കട സ്പോർട്സ് ക്ലബ്ബിനും കമ്മിറ്റിയുടെ നന്ദി അറിയിക്കുന്നു.

**വിഷുക്കണി ദർശനം**

ഉത്സവത്തിന്റെ ഒമ്പതാം ദിവസമായ വിഷുദിനത്തിൽ ഭഗവാന് തങ്കത്തിരുവാഭരണം ചാർത്തി വിഷുക്കണി ഒരുക്കി വളരെ ചിട്ടയോടുകൂടി നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന പതിനായിരക്കണക്കിന് ഭക്തജനങ്ങൾക്ക് വിഷുക്കണി ദർശനത്തിന് അവസരം നൽകുവാൻ നമുക്ക് കഴിഞ്ഞു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം വിഷുക്കണി ദർശനത്തിനായി ക്യൂ പാലിച്ചു കാത്തു നിന്ന ഭക്തജനങ്ങൾക്ക് മീനച്ചൂടിൽ തണലേകുവാനായി ഭക്തജന പങ്കാളിത്തത്തോടെ ഒരു താൽക്കാലിക നടപ്പന്തലൊരുക്കുവാനും, ഭക്തജനങ്ങൾക്കാവശ്യമായ ദാഹജലവും, പ്രഭാതഭക്ഷണം ഉൾപ്പെടെയുള്ള ഭക്ഷണ-പാനീയങ്ങളും നല്ലവരായ നാട്ടുകാരുടെയും സംഘടനകളുടെയും സഹായസഹകരണങ്ങളോടെ നിർലോഭം ഒരുക്കുവാനും നമുക്ക് കഴിഞ്ഞു. കൂടാതെ ക്ഷേത്രത്തിൽ എത്തിച്ചേർന്ന ഭക്തജനങ്ങൾക്ക് അവശ്യമായ ചികിത്സാസൗകര്യങ്ങൾ ഉറപ്പാക്കുന്നതിലേക്ക് ഡി.വൈ.എഫ്.ഐ ഠൗൺ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം എൻ.എസ് സഹകരണ ആശുപത്രിയുടെയും, ഛത്രപതി ശിവജി സേവ

സമിതിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ഉപാസന ആശുപത്രിയുടെയും, രണ്ട് മെഡിക്കൽ പവലിയനുകൾ ക്ഷേത്രമുറ്റത്ത് ഒരുക്കുവാനും നമുക്ക് സാധിച്ചു.

നടപന്തലൊരുക്കുന്നതിനു സഹായിച്ച വ്യക്തികൾക്കും, വിഷുദിനത്തിൽ ഭക്തജനങ്ങൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിച്ച ഇ.എ സ്.ഐ ജംഗ്ഷനിലെ ഗുരുമന്ദിരത്തിലെ സംഘാടകർക്കും, പള്ളിവേട്ട ആൽത്തറയ്ക്ക് സമീപം ഭക്തജനങ്ങൾക്ക് ഭക്ഷണ പാനീയങ്ങൾ നൽകുവാൻ നേതൃത്വം നൽകിയ ശ്രീ അനിൽകുമാർ, ശ്രീ സുകു എന്നിവർക്കും, എല്ലാ ദിവസവും ക്ഷേത്രമുറ്റത്ത് ദാഹജലവും വിഷുദിനത്തിൽ സംഭാരവും നൽകിയ സേവാഭാരതിയുടെ പ്രവർത്തകർക്കും, കമ്മിറ്റിയുടെ നിസ്സീമമായ നന്ദി അറിയിച്ചു കൊള്ളുന്നു. കൂടാതെ ഭക്തജനങ്ങൾക്ക് ചികിത്സാ സൗകര്യം ഒരുക്കിയ ചത്രപതി ശിവജി സേവാ സമിതിയുടെ പ്രവർത്തകരോടും ഡിവൈഎഫ്ഐ ഠൗൺ മേഖലാ കമ്മിറ്റിയുടെ പ്രവർത്തകരോടും ഇരു ഹോസ്പിറ്റൽ മാനേജ്മെന്റ്കളോടും കമ്മിറ്റിക്കുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു.

വിഷുക്കണി ദർശനം സുഗമമായി ക്രമീകരിക്കുന്നതിന് സഹായിച്ച വോളണ്ടിയർമാർക്കും, വനിതാകമ്മിറ്റിക്കും, അതിലേക്ക് നിയോഗിക്കപ്പെട്ട പോലീസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്കും കമ്മിറ്റിയുടെ നന്ദി അറിയിക്കുന്നു.

<u>ചെറുപൂരം എഴുന്നള്ളത്ത്</u>

മുൻ വർഷങ്ങളിൽ എന്നപോലെ ഇത്തവണയും ഇരട്ടക്കുളങ്ങര ശ്രീ മഹാവിഷ്ണുവും, കോയിക്കൽ ശ്രീകണ്ഠൻ ശാസ്താവും, തുമ്പറ ശ്രീഭദ്ര -ശ്രീദുർഗ്ഗദേവിമാരും, ഉളിയക്കോവിൽ ശ്രീദുർഗ്ഗാദേവിയും, ഉളിയക്കോവിൽ കണ്ണമത്ത് ശ്രീ ദുർഗ്ഗാദേവിയും, കടപ്പാക്കട ശ്രീ ധർമ്മശാസ്താവും, ശ്രീനാരായണപുരം സുബ്രഹ്മണ്യ സ്വാമിയും, ശ്രീ ശങ്കരകുമാരപുരം സുബ്രഹ്മണ്യ സ്വാമിയും, പടിഞ്ഞാറേ പുതുപ്പള്ളി ശ്രീ മാടൻ സ്വാമിയും, ആശ്രാമം ശ്രീ മുനീശ്വരസ്വാമിയും, കുന്നിൽ കാവിൽ ശ്രീദേവിയമ്മയും, ആശ്രാമം ശ്രീ മാരിയമ്മയും കൂടാതെ പുതുതായി പൂരത്തിൽ പങ്കാളിയാകുന്നതിന് എത്തിയ ശ്രീ ശെൽവ മഹാഗണപതിയും, ചെറുപൂരങ്ങളായി വാദ്യമേളങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളി എത്തുകയുണ്ടായി.

ഈ വർഷം ചെറുപൂരങ്ങളായി എഴുന്നള്ളിയെത്തിയ ക്ഷേത്രങ്ങളെ മൂന്നെണ്ണം വീതമുള്ള 5 ഗ്രൂപ്പുകളായി തിരിച്ച് വളരെ ചിട്ടയോടും സമയക്ലിപ്തതയോടും കൂടി എഴുന്നള്ളത്തുകൾ ആരംഭിച്ച് ക്ഷേത്രത്തിൽ എത്തിക്കുവാനും, ഉപചാരപൂർവ്വം സ്വീകരിച്ച് ആനയിക്കുവാനും നമുക്ക് കഴിഞ്ഞു. ചെറുപൂരം എഴുന്നള്ളത്തുമായി ബന്ധപ്പെട്ട മുഴുവൻ ക്ഷേത്ര ഭാരവാഹികളുടെയും, ഉത്സവ കമ്മിറ്റിയിൽ നിന്നും നിയോഗിച്ച ചുമത ലക്കാരുടെയും പ്രത്യേക യോഗങ്ങൾ കൂടുകയും അതിൽ എടുത്ത തീരുമാനങ്ങൾ കൃത്യമായി പാലിച്ച് ചെറുപൂരം എഴുന്നെള്ളത്ത് മുൻവർഷങ്ങളെക്കാൾ ഗംഭീരമാക്കുവാൻ നമുക്ക് കഴിഞ്ഞു. അതിനു നേതൃത്വം നൽകിയ ശ്രീ. ഡി. ശ്രീദത്ത്, ശ്രീ.ആർ. ശെൽവകുമാർ എന്നിവരോടും, ചെറുപൂരത്തിന്റെ ചുമതലക്കാരായ സർവശ്രീ. ശ്രീകുമാർ, എം.ജി ശ്രീശിവൻ, വിനോദ്.എസ് (യൂണിയൻ), സജിലാൽ.എസ്, ആർ.രാജീവ്, സതീഷ് കുമാർ.റ്റി, വിനോദ് എസ് (ശ്രീകല), പ്രഭാത് കുമാർ. പി, ആകാശ് എം.എസ്, നന്ദു.എസ്. രതീഷ്, കിരൺ എസ്, രാജീവ് എൻ. ശരത് രാജ്, സാബു.ആർ എന്നിവരോടും ചെറുപൂരം എഴുന്നള്ളിച്ചെത്തിയ ക്ഷേത്രഭാരവാഹികളോടും, ചെറുപൂരം സ്വീകരണ ചുമതല

ഭംഗിയായി നിർവ്വഹിച്ച ശ്രീ എസ്.കൃഷ്ണകുമാർ ശ്രീ. കിഷോർ.കെ എന്നിവരോടും കമ്മിറ്റിക്കുള്ള നന്ദി അറിയിച്ചു കൊള്ളുന്നു.

**തിരുമുമ്പിൽ കുടമാറ്റവും കെട്ടുകാഴ്ചയും**

പത്താം ഉത്സവ നാളിൽ വൈകുന്നേരം തൃക്കൊടിയിറക്കത്തിനു ശേഷം ഭഗവാൻ ആറാട്ടിനിറങ്ങുവാൻ എഴുന്നള്ളി നിന്ന സമയത്ത് ക്ഷേത്രാങ്കണത്തിൽ നടന്ന കെട്ടുകാഴ്ചയും തിരുമുമ്പിൽ കുടമാറ്റവും, മേളവും ആസ്വദിക്കുവാൻ ആയിരക്കണക്കിന് ഭക്തജനങ്ങൾ ക്ഷേത്രാങ്കണത്തിൽ സന്നിഹിതരായിരുന്നു.

കെട്ടുകാഴ്ചയുമായി എത്തിയ ഭക്തജനങ്ങൾ അല്പം കൂടി സമയക്ലിപ്തത പാലിച്ചിരുന്നുവെങ്കിൽ തിരുമുമ്പിൽ അരങ്ങേറിയ കെട്ടുകാഴ്ചയും കുടമാറ്റവും പഞ്ചാരിമേളവും ഒക്കെ എല്ലാവർക്കും കൂടുതൽ ഹൃദ്യമായി ആസ്വദിക്കുവാനും പൂരമൈതാനിയിൽ നിർദ്ദിഷ്ട സമയത്തുതന്നെ കുടമാറ്റം ആരംഭിക്കുവാനും നമുക്ക് കഴിയുമായിരുന്നു. വരും വർഷങ്ങളിൽ കെട്ടുകാഴ്ച എഴുന്നള്ളിക്കുന്ന ഭക്തജനങ്ങൾ അതിനാവശ്യമായ ആലോചനകൾ നടത്തി കെട്ടുകാഴ്ചയുടെ സമയം ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കമ്മിറ്റി വിലയിരുത്തുന്നു.

**ആന നീരാട്ടും ആനയൂട്ടും**

ഈ ആണ്ടിലും പതിവുപോലെ പൂരത്തിനെത്തിച്ചേർന്ന ആനകൾക്ക് വിശാലമായി നീരാടുവാനുള്ള ഷവർബാത്ത് സൗകര്യവും വിഭവസമൃദ്ധമായ ഊട്ടും നൽകുകയുണ്ടായി. നീരാട്ട് കഴിഞ്ഞ് ആനയൂട്ടിനെത്തിയ ഗജവീരന്മാരെ വളരെ മനോഹരമായ അവതരണമികവോടെയും ഉചിതമായ വർണ്ണനകളോടെയും അവതരിപ്പിച്ചാനയിക്കുവാൻ നമ്മൾ ഏർപ്പെടുത്തിയ ശ്രീ. ശൈലേഷ് വൈക്കം അത് വളരെ ഭംഗിയായി നിർവ്വഹിച്ചു. അതിനു മുൻകൈ എടുത്ത ശ്രീ. വി.വിഷ്ണുവിനോടും ആനയൂട്ടിനും ആന നീരാട്ടിനും ആവശ്യമായ ചുമതലകൾ ഏറ്റെടുത്ത് ഭംഗിയായി നിർവഹിച്ച ശ്രീ. വി.രാധാകൃഷ്ണൻ ശ്രീ.ഷണ്മുഖൻ, വിപിൻ. വി. എൽ എന്നിവരോടും കമ്മിറ്റിക്കുള്ള നന്ദി അറിയിക്കുന്നു

**ദീപാലങ്കാരം**

കൊല്ലം പൂരത്തിന്റെ പ്രൗഢി വിളിച്ചോതിക്കൊണ്ട് പൂരപ്പറമ്പിലും വഴിയോരങ്ങളിലും നഗരത്തിലുടനീളവും സ്ഥാപിച്ച ദീപാലങ്കാര ഗോപുരങ്ങളും ദീപവിതാനങ്ങളും കൊടിയേറ്റ് ദിവസം മുതൽ പൂരം വരെയുള്ള 10 ദിവസങ്ങളിലും തെളിയിച്ചു വർണ്ണാഭ പരത്തുന്നതിന് നമുക്ക് കഴിഞ്ഞു. 40 അടിയോളം ഉയരമുള്ള അലങ്കാര ഗോപുരങ്ങളിലും, 30 അടിയോളം ഉയരമുള്ള അലങ്കാര ഗോപുരങ്ങളിലും ദേവി ദേവന്മാരുടെ രൂപങ്ങൾ സ്ഥാപിച്ചും, വിവിധ പുരാണ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അവതരിപ്പിച്ചും ഒരുക്കിയ ദീപ വിസ്മയങ്ങളും ചെറു അലങ്കാര സ്തൂപങ്ങളും ആർച്ചുകളുമൊക്കെ കണ്ട് ആസ്വദിക്കുവാൻ 10 ദിവസങ്ങളിലും പതിനായിരകണക്കിന് ആളുകൾ പൂര മൈതാനിയിലും ക്ഷേത്രത്തിലും എത്തുകയുണ്ടായി. മുൻവർഷങ്ങളിലെന്നപോലെ ഇത്തവണയും ഭീമ ജ്വല്ലറി ഒരുക്കിയ പ്രത്യേക ദീപാലങ്കാര ഗോപുരവും വളരെ മനോഹരമായിരുന്നു. M/s. ഭീമ ജ്വല്ലറിക്കും, ദീപാലങ്കാര ഗോപുരങ്ങൾ സ്പോൺസർ ചെയ്ത ഇതര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും, ദീപാലങ്കാര ഗോപുരങ്ങൾ അണിയിച്ചൊരുക്കിയ ഗണേഷ് ലൈറ്റ് എന്നിവരോടും കമ്മിറ്റിക്കുള്ള നന്ദി

അറിയിക്കുന്നതോടൊപ്പം ദീപാലങ്കാരങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 10 ദിവസങ്ങളിലും കൂടെ നിന്ന് പ്രവർത്തിച്ച അതിന്റെ ചുമതലക്കാരായ ശ്രീ.രാധാകൃഷ്ണൻ, ശ്രീ.ബി. വിനോദ്കുമാർ എന്നിവരോടുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

<u>എൽ.ഇ.ഡി വാൾ</u>

ഉത്സവത്തോടനുബന്ധിച്ച് പരസ്യ പ്രക്ഷേപണത്തിനും, അറിയിപ്പുകൾക്കും മറ്റുമായി ക്ഷേത്രാങ്കണത്തിൽ സ്ഥാപിച്ച എൽ.ഇ.ഡി വാൾ ഏറെ ജനശ്രദ്ധയാകർഷിച്ച ഒന്നാണ്. സമയ ചുരുക്കം മൂലം സാമ്പത്തികമായി വലിയ നേട്ടം അതിൽ നിന്നും നമുക്ക് ഉണ്ടാക്കുവാൻ കഴിഞ്ഞില്ല എന്നിരുന്നാലും എൽ.ഇ.ഡി വാളുകൾ പോലെയുള്ള നൂതന സാങ്കേതികമാധ്യമങ്ങൾ ഭാവിയിൽ കൊല്ലം പൂരത്തിന് ഒരു മുഖ്യ വരുമാന സ്രോതസാക്കി മാറ്റുവാൻ കഴിയും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. വരുംകാല കമ്മിറ്റികൾക്ക് അത്തരത്തിൽ എൽ.ഇ.ഡി വാളുകൾ ഉൾപ്പെടയെുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൊല്ലം പൂരത്തിന്റെ യശസ്സ് കൂടുതലുയർത്തുവാനും, അതിലൂടെ കാര്യമായ സാമ്പത്തിക സമാഹരണം നടത്തുവാനും കഴിയുമാറാവട്ടെ എന്ന് ആശംസിക്കുന്നു. എൽ.ഇ.ഡി വാൾ സ്ഥാപിക്കുന്നതിനും പോസ്റ്ററുകളിലൂടെയും, ബാനറുകളിലൂടെയും പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൊല്ലം പൂരത്തിന്റെ ഖ്യാതി കൂടുതൽ വ്യാപിപ്പിക്കുവാൻ അവശ്യമായ പ്രവർത്തനങ്ങൾ നടത്തിയ മീഡിയ & മാർക്കറ്റിംഗ് ചുമതല ക്കാരായ ശ്രീ .അനന്തു. എസിനോടും, ശ്രീ. സച്ചിൻ. എസ്. കുമാറിനോടും കമ്മിറ്റിക്കുള്ള നന്ദി അറിയിക്കുന്നു

<u>സംഭാവനകളും, വിഭവ സമാഹരണവും</u>

നമ്മുടെ ഉത്സവവുമായി ബന്ധപ്പെട്ട് അവശ്യമായ വിഭവ ശേഖരണം ഒരു വലിയ ദൗത്യമായി തന്നെ ഏറ്റെടുത്ത് പ്രവർത്തിച്ച് വിജയിപ്പിച്ചെങ്കിൽ മാത്രമേ ഉത്സവവും കൊല്ലം പൂരവും വിജയിപ്പിക്കാൻ കഴിയുകയുള്ളൂ എന്നിരിക്കെ, ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നുള്ള ചില നിയന്ത്രണങ്ങളും നിഷ്കർഷകളും കാലാകാലങ്ങളായി നമ്മളുടെ പ്രവർത്തനങ്ങളെ കുറച്ചൊന്നുമല്ല ബാധിച്ച് വരുന്നത്. മുൻവർഷം സീൽ ചെയ്തു നൽകിയ സംഭാവന കൂപ്പണിനേക്കാൾ 10% കൂപ്പണുകൾ മാത്രമേ അടുത്തവർഷം കൂടുതലായി സീൽ ചെയ്തു തരികയുള്ളൂ എന്നുള്ളതും, സീൽ ചെയ്ത് നൽകുന്ന കൂപ്പണുകളുടെ തുകയുടെ അഞ്ചു ശതമാനം ദേവസ്വം ബോർഡിലേക്ക് മുൻകൂറായി നൽകിയെങ്കിൽ മാത്രമേ കൂപ്പൺ സീൽ ചെയ്ത് നൽകുകയുള്ളൂ എന്നും മറ്റുമുള്ള ദേവസ്വം ബോർഡ് നിയന്ത്രണങ്ങൾ ഇത്തവണയും നമ്മളെ വല്ലാതെ ബുദ്ധിമുട്ടിലാക്കി. ഈ വർഷം 30 ലക്ഷം രൂപയുടെ സംഭാവന കൂപ്പൺ മാത്രമാണ് ദേവസ്വം ബോർഡിൽ നിന്ന് നമുക്ക് സീൽ ചെയ്ത് കിട്ടിയത്. അതോടൊപ്പം ഉൽപ്പന്നങ്ങൾ ഇനത്തിൽ സമാഹരിച്ചതും കൂടിക്കൊണ്ടാണ് മുൻകാലങ്ങളിലെന്ന പോലെ ഇത്തവണയും നമുക്ക് ഉത്സവവും പൂരവും ഭംഗിയായി നടത്തുവാൻ കഴിഞ്ഞത്. ഉൽപ്പന്നങ്ങൾ കളക്ട് ചെയ്യുന്നതിന് ആവശ്യമായ രസീതുകൾ തയ്യാറാക്കുന്നതിനും, അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും മറ്റും നാളിതുവരെ നാം അവലംബിച്ചു വരുന്ന രീതികളിൽ, കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനെ സംബന്ധിച്ച് ഗൗരവതരമായ ആലോചനകളും തീരുമാനങ്ങളും ഉണ്ടാകേണ്ടത്, സുതാര്യവും കാര്യക്ഷമവും ആയ വിഭവ സമാഹരണത്തിന് നമ്മെ സഹായിക്കുമെന്നും,

അതിനുവേണ്ട തീരുമാനങ്ങൾ എടുക്കുവാൻ വരുംകാല ഭരണസമിതികൾക്ക് കഴിയുമാറാകട്ടെ എന്നും ആശംസിക്കുന്നു.

ഇത്തവണ വിഭവസമാഹരണത്തിനും സാമ്പത്തിക സമാഹരണത്തിനും നേതൃത്വം കൊടുത്ത ശ്രീ.എസ്.സി.എസ് നായർ, ശ്രീ.ജി കൃഷ്ണദാസ്, എസ്.അനിൽകുമാർ. ശ്രീ.ആർ രാജീവ്, ശ്രീ. ജി. സുരേഷ് ബാബു, ശ്രീ. എ.എൻ സുരേഷ് ബാബു, ശ്രീ. ജെ. രാജഗോപാൽ, ശ്രീ. എച്ച് സുരേഷ്. ശ്രീ. ആർ.വിശ്വനാഥൻ, ശ്രീ.എ.ഷാജി വീനസ് തുടങ്ങിയവരുടെ പ്രവർത്തനം വളരെ അഭിനന്ദാർഹമാണ്. കൂടാതെ, ചമയം ഇനത്തിൽ വിഭവസമാഹരണം നടത്തിയ ശ്രീ.റ്റി.എസ് ദേവദത്ത് എണ്ണയിനത്തിൽ വിഭവസമാഹരണം നടത്തിയ ശ്രീ.എ.ആർ തുളസീദാസ്, സ്റ്റേജ് പ്രോഗ്രാം ഇനത്തിൽ വിഭവസമാഹരണം നടത്തിയ ശ്രീ.വി.പി.വിമൽ റോയ്, വാർഡുകളിൽ നിന്നുള്ള സംഭാവനങ്ങൾ ഉൾപ്പെടെ വിഭവസമാഹരണം നടത്തിയ സർവ്വശ്രീ. ബാഹുലേയൻ, അദ്വൈത്, കുമാർ, അർജുനൻ സദാശിവൻ, ശിവൻകുട്ടി, പ്രകാശൻ, രഞ്ജിത്ത്, സുധീർ, മനീഷ്, രാജു എന്നിവരെയും വാർഡുകളിൽ നിന്ന് സംഭാവന ഇനത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സമാഹരിച്ച് എത്തിച്ച ശ്രീ.ആർ. വിജയരാഘവൻ, ശ്രീ.എൻ.രാജീവ്, ശ്രീ.കെ.വി രമേശൻ എന്നിവരെയും പ്രത്യേകമായും അഭിനന്ദിക്കുന്നു. അതോടൊപ്പം കമ്മിറ്റിയുടെ നന്ദിയും അറിയിച്ചുകൊള്ളുന്നു. വിവിധ മേഖലകളിൽ നിന്നും വിവിധ ഇനത്തിൽ സമാഹരിച്ചും സംഭരിച്ചും എത്തിച്ച വിഭവങ്ങളും പണവും സുതാര്യമായും, ഫലപ്രദവുമായും വിനിയോഗിച്ച് കമ്മറ്റിക്കൊപ്പം കണക്കിന്റെ കാവലാളായി കൂടെ നിന്ന ശ്രീ.എസ്. അനിൽകുമാറിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**കൊല്ലം പൂരവും കുടമാറ്റവും**

വളരെ ചുരുങ്ങിയ സമയം കൊണ്ടാണെങ്കിൽ പോലും ഈ വർഷത്തെ കൊല്ലം പൂരവും കുടമാറ്റവും തരക്കേടില്ലാതെ നടത്തുവാൻ കഴിഞ്ഞു എന്നാണ് കമ്മിറ്റി വിലയിരുത്തുന്നത്. ഈ റിപ്പോർട്ടിൽ നേരത്തെ സൂചിപ്പിച്ച ചില കാരണങ്ങളാൽ അല്പം വൈകി മാത്രമേ പൂരം മൈതാനിൽ മേളവും കുടമാറ്റവും ആരംഭിക്കുവാൻ കഴിഞ്ഞുള്ളൂ എങ്കിൽ പോലും ഇരുവശങ്ങളിലായി അണിനിരന്ന താമരക്കുളം ശ്രീ മഹാഗണപതി ക്ഷേത്രഭാരവാഹികളും, ശ്രീ പുതിയകാവ് ക്ഷേത്രഭാരവാഹികളും വളരെ മനോഹരമായി അണിയിച്ചൊരുക്കി കൊണ്ടുവന്ന കുടകൾ ഉയർത്തി നടത്തിയ ആവേശകരമായ കുടമാറ്റം കാണുവാൻ 10,000 കണക്കിന് ജനങ്ങൾ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നു. പൂരം വൈസ് ചെയർമാൻ ശ്രീ. ആർ. പ്രകാശൻപിള്ളയുടെ അദ്ധ്യക്ഷത യിൽ കൂടിയ യോഗത്തിൽ ബഹു. കൊല്ലം മേയർ ശ്രീമതി പ്രസന്ന ഏണസ്റ്റ്, ബഹു. എം.പി ശ്രീ.എൻകെ പ്രേമചന്ദ്രൻ, ബഹു. എം.എൽ.എ. മാരായ ശ്രീ. എം. മുകേഷ്, ശ്രീ എം. നൗഷാദ് ബഹു. ദേവസ്വം ബോർഡ് മെമ്പർ ശ്രീ.ജി.സുന്ദരേശൻ ബഹു.കോർപ്പറേഷൻ കൗൺസിലർമാരായ ശ്രീമതി സജിതാനന്ദ്, ശ്രീമതി ഹണി ബെഞ്ചെ മിൻ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ.ബാ ലഗോപാൽ ഭദ്രദീപം കൊളുത്തി ആരംഭിച്ച കുടമാറ്റവും മേളപ്രമാണിമാരായ ശ്രീ ചേരാനല്ലൂർ ശങ്കരൻകുട്ടി മാരാരും ശ്രീ തൃക്കടവൂർ അഖിലും നയിച്ച മേളവും ആസ്വദിക്കാൻ വിദേശികൾ ഉൾപ്പെടെ പതിനായിരങ്ങൾ പൂര മൈതാനിയിൽ സന്നിഹിതരാ യിരുന്നു. പൂരം അതിമനോഹരമായി അണിയിച്ചൊരുക്കി അവതരിപ്പിച്ച് ഗംഭീരമാക്കിയ

താമരക്കുളം മഹാഗണപതിക്ഷേത്ര ഭാരവാഹികൾക്കും ശ്രീ പുതിയകാവ് ഭഗവതി ക്ഷേത്ര ഭാരവാഹികൾക്കും കമ്മിറ്റിയുടെ നിസ്സീമമായ നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു. അതോടൊപ്പം ഇരുക്ഷേത്രങ്ങളുടെയും ചുമതലക്കാരായി പ്രവർത്തിച്ച ശ്രീ എൽ.മനോഹരൻ, ശ്രീ എം.ആർ.സി മോഹനൻ നായർ എന്നിവരോടും കമ്മിറ്റിയ്ക്കുള്ള നന്ദി അറിയിക്കുന്നു.

പൂരവുമായി ബന്ധപ്പെട്ട് ഗ്രൗണ്ടിന്റെയും സ്റ്റേജിന്റെയും ക്രമീകരണങ്ങൾ ഭംഗിയായി നിർവഹിച്ച ശ്രീ.രാജേന്ദ്രൻ, ശ്രീഅനിൽ എന്നിവരോടും പബ്ലിസിറ്റിയുടെ ചുമതല നിർവഹിച്ച ശ്രീ, കോതേത്ത് ഭാസുരനോടും വിവിധ ചുമതലകൾ വഹിച്ച ശ്രീ. ആർ.രതീഷ്, ശ്രീ.എസ് പത്മകുമാർ, ശ്രീ.ഗോകുൽ കൃഷ്ണ എന്നിവരോടും പൂരത്തിന് ആനകളെ സംഘടിപ്പിക്കുന്നതിനും കൃത്യമായി ക്രമീകരിക്കുന്നതിനും എസ്.പി.സി.എ ഇൻസ്പെക്ടർ എന്ന നിലയിലുള്ള തന്റെ പരിചയ സമ്പത്ത് ഉപയോഗിച്ച് പ്രവർത്തിച്ച ശ്രീ. റെജുരാജ്.എസ് നും അദ്ദേഹത്തിന്റെ സഹായിയായി പ്രവർത്തിച്ച ശ്രീ. വി.വിഷ്ണുവിനും, ശ്രീ.എസ്.എസ്.കണ്ണനും കൂടാതെ കമ്മിറ്റിയുടെ ഭാഗമല്ലായെങ്കിൽ പോലും പല ഘട്ടങ്ങളിലും പലകാര്യങ്ങളിലും കമ്മിറ്റിയോട് സഹകരിച്ച് പ്രവർത്തിച്ച ശ്രീ അൻവർസാദത്ത്, ശ്രീ. റ്റി.ബാബുകുമാർ, ശ്രീ. സുരേന്ദ്രൻപിള്ള, ശ്രീമതി സിനിമോൾ. എം, ശ്രീമതി. ഇന്ദിരാ രാധാകൃഷ്ണൻ, ശ്രീ ബി.ശ്രീകുമാർ, ശ്രീ സുധീർ, ശ്രീ.തുളസി, ശ്രീ. റ്റി. വിനോദ് എന്നിവരോടും കമ്മിറ്റിക്കുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു.

ക്ഷേത്രാചാര സംബന്ധമായും പൂജാകാര്യങ്ങളിലും കമ്മിറ്റിയെ സഹായിക്കുകയും ഒപ്പം നിൽക്കുകയും ചെയ്ത ശ്രീ.പി.ശശിധരൻ നായർ, പബ്ലിക് ഇൻഷുറൻസുമായി ബന്ധപ്പെട്ടും ഉത്സവം നടത്തിപ്പുമായി ബന്ധപ്പെട്ടും ഒക്കെ കമ്മിറ്റിയെ സഹായിച്ച ശ്രീ.ആർ.ശശിധരൻ നായർ എന്നിവരോടുള്ള നന്ദിയും ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഉത്സവവുമായി ബന്ധപ്പെട്ട് കമ്മറ്റിയോട് സഹകരിച്ച് പ്രവർത്തിച്ച ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ ശ്രീ.ഡി.ദിലീപ്കുമാർ, ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ റ്റി.സുനിൽ. ക്ഷേത്രം തന്ത്രി ശ്രീ രമേഷ് ഭാനു ഭാനു പണ്ടാരത്തിൽ, ക്ഷേത്രം മേൽശാന്തിയായിരുന്ന ശ്രീ.എച്ച്.കൃഷ്ണൻപോറ്റി എന്നിവരോടും ദേവസ്വം ജീവനക്കാരോടും ചെറുതും വലുതുമായ സംഭാവനകളും ഉൽപ്പന്നങ്ങളും ഒക്കെ നൽകി ഉത്സവം വിജയിപ്പിച്ച നല്ലവരായ എല്ലാ ഭക്തജനങ്ങളോടും കമ്മിറ്റിക്കുള്ള നന്ദി അറിയിച്ചു കൊള്ളുന്നു.

<u>വെടിക്കെട്ട്</u>

പൂരം പൂർണ്ണമാകണമെങ്കിൽ വെടിക്കെട്ട് കൂടി ഉണ്ടാകണമെന്ന് നമുക്കെല്ലാവർക്കും അറിയാം. മുൻവർഷത്തിൽ അവശ്യമായ അനുമതി ഉണ്ടായിട്ടുപോലും ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും പിടിവാശി മൂലം നമുക്ക് വെടിക്കെട്ട് നടത്തുവാനായില്ല. ഇക്കൊല്ലം വെടിക്കെട്ട് നടത്തുന്നതിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷ വെടിക്കെട്ട് നടത്തുവാനുദ്ദേശിക്കുന്ന തീയതിയ്ക്ക് 60 ദിവസം മുമ്പ് എ.ഡി.എം ന് നൽകിയിരിക്കണമെന്ന നിബന്ധന ഉണ്ടായതുകൊണ്ടു മാത്രം, പൂരത്തിന് 30 ദിവസത്തിന് മുൻപായി തെരെഞ്ഞെടുക്കപ്പെട്ട ഈ ഭരണസമിതിയ്ക്ക് വെടിക്കെട്ടിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനോ അനുമതി നേടി വെടിക്കെട്ട് നടത്തുന്നതിനോ കഴിയാതെ വന്നിട്ടുള്ളതും വരും കാല ഉപദേശക

സമിതികൾക്ക് ഇത്തരം ദുര്യോഗങ്ങൾക്ക് ഇടവരാതെ സമുചിതമായി തന്നെ വെടിക്കെട്ട് നടത്തി പൂരം അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**<u>രോഹിണി ദിന കഥകളി</u>**

നമ്മുടെ ക്ഷേത്രത്തിൽ കാലങ്ങളായി നടത്തി വരുന്ന പ്രതിമാസ രോഹിണിദിന കഥകളി ഈ റിപ്പോർട്ട് കാലയളവിലും മുടക്കം കൂടാതെ ഭംഗിയായി നടന്നുവരികയാണ്. അതിനുവേണ്ട പ്രവർത്തനങ്ങൾ സ്തുത്യർഹമായി നിർവഹിച്ചു വരുന്ന മുൻ ഉപദേശകസമിതി പ്രസിഡന്റുകൂടിയായ ശ്രീ എം.എസ് ബാബുവിനോടും കഥകളി നടത്തിയവരോടും കമ്മിറ്റിയ്ക്കുള്ള നന്ദിയും സ്നേഹവും അറിയിച്ചു കൊള്ളുന്നു.

ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ എച്ച്. കൃഷ്ണൻപോറ്റിയുടെ വിരമിക്കൽ ദിനത്തിൽ അദ്ദേഹത്തിന് അഡ്വൈസറി കമ്മിറ്റിയുടെ പേരിൽ ഒരു ഉപഹാരം നൽകി അദ്ദേഹത്തെ ആശംസിക്കുവാനും നമുക്ക് കഴിഞ്ഞിട്ടുള്ളതാണ്.

**<u>വനിത കമ്മിറ്റി</u>**

കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വളരെ സഹായകരമായി പ്രവർത്തിക്കുന്ന വനിതാകമ്മിറ്റി അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്നു. വനിതാ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ശ്രീമതി.വി.കെ തങ്കമണി, ശ്രീമതിമാർ. എൽ.രാധാമണി, അമ്പിളി, ജയന്തിമാല, അംബികദേവി, മീനാ രാജൻ, സുനിത നന്ദകുമാർ തുടങ്ങിയ വനിത കമ്മിറ്റിയുടെ മുഴുവൻ അംഗങ്ങളോടും കമ്മിറ്റിക്കുള്ള നന്ദി അറിയിക്കുന്നു.

**<u>പ്രത്യേക നന്ദിയോടെ.....</u>**

കൊല്ലം പൂരം ഭംഗിയായി നടത്തുന്നതിന് നല്ലവരായ നാട്ടുകാരുടെയും ഭക്തജനങ്ങളുടെയും യാതൊരു വേർതിരിവുകളും ഇല്ലാത്ത ആത്മാർത്ഥമായ സഹായസഹകരണങ്ങൾക്കു പുറമേ കേരള സംസ്ഥാന സർക്കാരിന്റെയും കൊല്ലം ജില്ലാ ഭരണകൂടത്തിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും സ്വകാര്യ, പൊതുമേഖല സ്ഥാപനങ്ങളുടെയും ഒക്കെ സഹായങ്ങളും സഹകരണങ്ങളും നമുക്ക് ഉണ്ടായിട്ടുണ്ട്. കൊല്ലം പൂരത്തിന് ടൂറിസം ഗ്രാന്റായി 4,00,000 അനുവദിച്ചു നൽകുന്ന സംസ്ഥാന സർക്കാറിനും, ബഹു. ടൂറിസം വകുപ്പ് മന്ത്രി ശ്രീ മുഹമ്മദ് റിയാസിനും, ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എൻ ബാലഗോപാലിനും, ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർക്കും അതിനു മുൻകൈയെടുത്ത് പ്രവർത്തിച്ച ബഹു.എം.എൽ.എ ശ്രീ.എം. നൗഷാദിനും കമ്മിറ്റിയുടെ നന്ദിയും കടപ്പാടും രേഖപ്പെടുത്തി കൊള്ളുന്നു.

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കൊല്ലംപൂരം സുഗമമായി നടത്തുവാൻ വഴിയൊരുക്കിയ ബഹു. കൊല്ലം ജില്ലാ കളക്ടർ ശ്രീ.എൻ.ദേവിദാസൻ ഐ.എ.എസ് നോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഉത്സവ ദിവസങ്ങളിലും പ്രത്യേകിച്ച് തിരുവാഭരണ ഘോഷയാത്രയിലും, വിഷുദിനത്തിലും, പൂരദിനത്തിലും ക്രമസമാധാനം പരിപാലിക്കുകയും ട്രാഫിക് സുഗമമായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പോലീസ് ഫോഴ്സിനെ സജ്ജമാക്കിയ ബഹു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ.വിവേക് ഐ.പി.എസ് നും അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാർക്കും. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഹൗസ്

ഓഫീസർക്കും, മറ്റെല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തി കൊള്ളുന്നു.

കൊല്ലം പൂരം ചെയർമാൻ എന്ന നിലയിൽ ഉത്സവത്തിന് എല്ലാവിധ സഹായങ്ങളും നൽകിയും ആർ.പി ഗ്രൂപ്പിന്റെ പേരിൽ നല്ല ഒരു തുക സംഭാവനയായി നൽകുകയും ചെയ്ത പത്മശ്രീ. ഡോ.ബി.രവിപിള്ളയ്ക്ക് കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം മികച്ച ഒരു സ്പോൺസർഷിപ്പ് നൽകിയ കൊല്ലം നഗരത്തിൽ പുതുതായി ആരംഭിച്ച കല്യാൺ സിൽക്ക്സിനും കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു.

പൂരം മൈതാനിയിൽ വൈദ്യചികിത്സാ സേവനം ഉറപ്പുവരുത്തിയ കൊല്ലം ഡി.എം.ഒ യ്ക്കും ആരോഗ്യവകുപ്പിനും ട്രാവൻകൂർ മെഡിസിറ്റി മെഡിക്കൽ കോളേജിനും കമ്മിറ്റിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

കൊല്ലം പൂരവുമായി ബന്ധപ്പെട്ട് ക്ഷേത്ര പരിസരവും പൂരമൈതാനവും കൊല്ലം നഗരത്തിൽ ആകമാനവും ശുചീകരണ പ്രവർത്തനങ്ങളും ദീപാലങ്കാരങ്ങളും നടത്തിയ കൊല്ലം കോർപ്പറേഷനും, വിശിഷ്യാ ബഹു. മേയർ ശ്രീമതി പ്രസന്ന ഏർണസ്റ്റ്, ബഹു. ഡെപ്യൂട്ടി മേയർ ശ്രീ.കൊല്ലം മധു, ബഹു. ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ കുമാരി യു.പവിത്ര, ബഹു. ആശ്രാമം ഡിവിഷൻ കൗൺസിലർ ശ്രീമതി സജിതാനന്ദ്, ബഹു. വടക്കുംഭാഗം ഡിവിഷൻ കൗൺസിലർ ശ്രീമതി.ഹണി ബെഞ്ചമിൻ കോർപ്പറേഷൻ ഉദ്യോഗസ്ഥർ, ക്ലീനിങ് സ്റ്റാഫുകൾ എന്നിവർക്കുള്ള കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തി കൊള്ളുന്നു.

പൂരവുമായി ബന്ധപ്പെട്ട് കമ്മറ്റിയെ സഹായിച്ച കൊല്ലം എസ്.പി.സി.എ പ്രവർത്തകർ, വെറ്ററിനറി ഡോക്ടർമാർ, കേരള ഫോറസ്റ്റ് ഉദ്യോഗസ്ഥർ, എക്സൈസ് ഉദ്യോഗസ്ഥർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ, ഫയർഫോഴ്സിന്റെ കീഴിലുള്ള സിവിൽ ഡിഫൻസ് ഫോഴ്സ്, വാട്ടർ അതോറിറ്റി, മിൽമ, കാപ്പക്സ് തുടങ്ങിയ സർക്കാർ പൊതുമേഖല സ്ഥാപന മേധാവികൾ എന്നിവരോടുള്ള കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തികൊള്ളുന്നു. പാർക്കിംഗിന് വിശാലമായ സൗകര്യമൊരുക്കി കമ്മിറ്റിയെ സഹായിച്ച ഇൻലാൻഡ് വാട്ടർ അതോറിട്ടി ഉദ്യോഗസ്ഥർ ശ്രീ. മോഹനചന്ദ്രൻ നായർ, പ്രശാന്തി കാഷ്യു എന്നിവരോടും സദ്യയ്ക്കായി എസ്.ബി. ആഡിറ്റോറിയം വിട്ടുതന്ന ശ്രീ പ്രദീപിനോടും, പൂരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി എ.വൈ.കെ ആഡിറ്റോറിയവും കോമ്പൗണ്ടും വിട്ടുതന്ന് സഹായിച്ച എ.വൈ.കെ ആഡിറ്റോറിയം മാനേജ്മെന്റിനോടും, കഥകളി കലാകാരന്മാർക്കും മറ്റുള്ളവർക്കും അക്കോമൊഡേഷന്റെ ആവശ്യത്തിലേക്ക് ഡി.ബി.എൽ.പി സ്കൂളിന്റെ ക്ലാസ്സ് മുറികൾ തുറന്നു നൽകിയ സ്കൂൾ ഹെഡ്മിസ്ട്രസ്സിനും, ഉത്സവവുമായി ബന്ധപ്പെട്ട് ചെറുതും വലുതുമായ സഹായങ്ങൾ ചെയ്ത നല്ലവരായ എല്ലാ വ്യക്തികളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

നല്ല രീതിയിൽ ശബ്ദവും വെളിച്ചവും ഒരുക്കി ഉത്സവം ഭംഗിയാക്കിയ ശ്രീ.ഹാരിസ്, ഉദയാ സൗണ്ട്സ്, പന്തൽ ഒരുക്കിയ വിനോദ് അശോകൻ, സ്കഫോൾഡിംഗ് സ്ഥാപിച്ച ശ്രീ.റ്റിനുപ്രകാശ് , സി.സി.ടി.വി ക്യാമറ സ്ഥാപിച്ച ശ്രീ.കൈലാസ്, തുടങ്ങിയവരോടുള്ള നന്ദി അറിയിക്കുന്നു.

ഈ കമ്മിറ്റിയുടെ രൂപീകരണം മുതൽ കമ്മിറ്റിയ്ക്കു വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും ഒക്കെ നൽകി കമ്മിറ്റിയോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച മുൻ ഉപദേശകസമിതി പ്രസിഡന്റുമായി പ്രൊഫ.ജി.കെ.ശശിധരൻ, ശ്രീ.ജി.സത്യരാജ്, ശ്രീ.എ.ആർ.വിജയഭാനു,

ശ്രീ.ജി.മുകന്ദൻനായർ, ശ്രീ.പി.ശ്രീവർദ്ധനൻ എന്നിവരോട് കമ്മിറ്റിയ്ക്കുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ കമ്മിറ്റിയുടെ കാലയളവിൽ നടന്ന പ്രവർത്തനങ്ങളിൽ എന്തെങ്കിലും പാകപ്പിഴകളോ, കാലവിളംബമോ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് സ്നേഹബുദ്ധ്യാ ക്ഷമിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും ഇവിടെ എത്തിച്ചേർന്നിട്ടുള്ളവർക്കും റിപ്പോർട്ട് കാലയളവിൽ കമ്മിറ്റിയെ സഹായിച്ചിട്ടുള്ളവർക്കും എല്ലാവിധ ഈശ്വരാനുഗ്രങ്ങളും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും 2024 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയുള്ള അഡ്വൈസറി കമ്മിറ്റി (അഡ്ഹോക്ക്)യുടെ പ്രവർത്തനറിപ്പോർട്ടും വരവ് ചെലവ് കണക്കും അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥനയോടു കൂടി പൊതുയോഗസമക്ഷം ഭക്ത്യാദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

കൊല്ലം
16.07.2024

കൺവീനർ
അഡ്വ.മംഗലത്ത് കെ.ഹരികുമാർ